**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2837** **14-09-2023 - ൽ മറുപടിയ്ക്ക്**

**മെയിൻ ലൈനുകൾ മാറ്റി സ്ഥാപിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | തിരൂരങ്ങാടി മണ്ഡലത്തിൽ വീടുകൾക്ക് മുകളിലൂടെയും, തൊട്ടടുത്തുകൂടിയും കടന്നുപോകുന്ന വൈദ്യുതി മെയിൻ ലൈനുകൾ മാറ്റി സ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ അപേക്ഷകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | തിരൂരങ്ങാടി മണ്ഡലത്തിലെ പെരുമണ്ണ-ക്ലാരി ഗ്രാമപഞ്ചായത്തിലെ മൂന്നാം വാർഡിൽ പെട്ട ലക്ഷം വീട് കോളനിക്ക് മുകളിലൂടെ കടന്ന് പോകുന്ന 11 കെ.വി ലൈൻ മാറ്റി സ്ഥാപിക്കണമെന്നുള്ള പരാതി കൺവീനർ ശ്രീ.ഏലായി മുസ്തഫ എന്നിവർ ഉൾപ്പെടെ 20 പേരിൽ നിന്നും ചേർന്ന് ലഭിച്ചിട്ടുണ്ട്. ആയതിൻ പ്രകാരം നടത്തിയ പരിശോധ നയിൽ പ്രസ്തുത 11 കെ.വി ലൈൻ എടരിക്കോട് സബ്സ്റ്റേഷനിൽ നിന്ന് തിരൂരങ്ങാടി, വെന്നിയൂർ പ്രദേശങ്ങളിലേക്ക് വൈദ്യുതി വിതരണം ചെയ്യുന്ന 11 കെ.വി തിരൂരങ്ങാടി ഫീഡറിന്റെ കള്ളിക്കൽ വളപ്പ് മുതൽ പോസ്റ്റ് ഓഫീസ് AB വരെയുള്ള 400 മീറ്റർ ഭാഗത്തെ ലൈൻ മാറ്റി സ്ഥാപിക്കുന്നതിന് സ്ഥലം സന്ദർശിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കി പരാതിക്കാരെ അറിയിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് തുക അടവാക്കുന്ന മുറയ്ക്ക് പ്രവൃത്തി പൂർത്തികരിക്കാവുന്നതാണ്.<br><br>വെന്നിയൂർ സെക്ഷനു കീഴിലെ 11 കെ.വി. ലൈൻ എടരിക്കോട് സബ്സ്റ്റേഷനിൽ നിന്ന് തിരൂരങ്ങാടി, വെന്നിയൂർ പ്രദേശങ്ങളിലേക്ക് വൈദ്യുതി വിതരണം ചെയ്യുന്ന 11 കെ.വി തിരൂരങ്ങാടി ഫീഡറിന്റെ കാച്ചടി മുതൽ കക്കാട് ബോർഡർ AB വരെയുള്ള ഭാഗമാണ്. ഇതു സംബന്ധിച്ച് 2020 ലെ വൈദ്യുതി അദാലത്തിൽ തീരുമാനപ്രകാരം കെ.എസ്. ഇ.ബി ലിമിറ്റഡിന്റെ PMU സ്കീമിൽ ഉൾപ്പെടുത്തി 6 കിലോ മീറ്റർ 11 കെ.വി ലൈൻ റീകണ്ടക്ടറിംഗ് നടത്തുകയും 28 A Type പോസ്റ്റുകളും, 25 എണ്ണം 9 മീറ്റർ പി.എസ്.സി പോസ്റ്റുകൾ ഉപയോഗിച്ച് കേടായ പോസ്റ്റുകൾ മാറ്റുകയും ആവശ്യമായ ഇടങ്ങളിൽ പുതിയ പോസ്റ്റുകൾ സ്ഥാപി ക്കുകയും ചെയ്യുന്ന പ്രവൃത്തികൾ പൂർത്തീകരി ച്ചിട്ടുള്ളതാണ്. |
| (ബി) | പ്രസ്തുത അപേക്ഷകൾ പ്രകാരമുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവയുടെ | (ബി) | തിരൂരങ്ങാടി മണ്ഡലത്തിലെ പെരുമണ്ണ-ക്ലാരി ഗ്രാമപഞ്ചായത്തിലെ മൂന്നാം വാർഡിൽ പെട്ട ലക്ഷം |

| | | | |
|---|---|---|---|
| | വിശദവിവരങ്ങൾ ഇനം തിരിച്ചു ലഭ്യമാക്കാമോ; | | വീട് കോളനിക്ക് മുകളിലൂടെ കടന്ന് പോകുന്ന 11 കെ.വി ലൈൻ മാറ്റി സ്ഥാപിക്കണമെന്നുള്ള പരാതി കൺവീനർ ശ്രീ.ഏളായി മുസ്തഫ എന്നിവർ ഉൾപ്പെടെ 20 പേരിൽ നിന്നും ചേർന്ന് ലഭിച്ചിട്ടുണ്ട്. ആയതിൻ പ്രകാരം നടത്തിയ പരിശോധ നയിൽ പ്രസ്തുത 11 കെ.വി ലൈൻ എടരിക്കോട് സബ്സ്റ്റേഷനിൽ നിന്ന് തിരുരങ്ങാടി, വെന്നിയൂർ പ്രദേശങ്ങളിലേക്ക് വൈദ്യുതി വിതരണം ചെയ്യുന്ന 11 കെ.വി തിരുരങ്ങാടി ഫീഡറിന്റെ കള്ളിക്കൽ വളപ്പ് മുതൽ പോസ്റ്റ് ഓഫീസ് AB വരെയുള്ള 400 മീറ്റർ ഭാഗത്തെ ലൈൻ മാറ്റി സ്ഥാപിക്കുന്നതിന് സ്ഥലം സന്ദർശിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കി പരാതിക്കാരെ അറിയിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് തുക അടവാക്കുന്ന മുറയ്ക്ക് പ്രവൃത്തി പൂർത്തികരിക്കാവുന്നതാണ്.<br><br>വെന്നിയൂർ സെക്ഷനു കീഴിലെ 11 കെ.വി. ലൈൻ എടരിക്കോട് സബ്സ്റ്റേഷനിൽ നിന്ന് തിരുരങ്ങാടി, വെന്നിയൂർ പ്രദേശങ്ങളിലേക്ക് വൈദ്യുതി വിതരണം ചെയ്യുന്ന 11 കെ.വി തിരുരങ്ങാടി ഫീഡറിന്റെ കാച്ചടി മുതൽ കക്കാട് ബോർഡർ AB വരെയുള്ള ഭാഗമാണ്. ഇഉ സംബന്ധിച്ച് 2020 ലെ വൈദ്യുതി അദാലത്തിൽ തീരുമാനപ്രകാരം കെ.എസ്. ഇ.ബി ലിമിറ്റഡിന്റെ PMU സ്കീമിൽ ഉൾപ്പെടുത്തി 6 കീലോ മീറ്റർ 11 കെ.വി ലൈൻ റീകണ്ടക്ടറിംഗ് നടത്തുകയും 28 A Type പോസ്റ്റുകളും, 25 എണ്ണം 9 മീറ്റർ പി.എസ്.സി പോസ്റ്റുകൾ ഉപയോഗിച്ച് കേടായ പോസ്റ്റുകൾ മാറ്റുകയും ആവശ്യമായ ഇടങ്ങളിൽ പുതിയ പോസ്റ്റുകൾ സ്ഥാപി ക്കുകയും ചെയ്യുന്ന പ്രവൃത്തികൾ പൂർത്തീകരി ച്ചിട്ടുള്ളതാണ്. |
| (സി) | പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ലെങ്കിൽ ഈ പ്രവൃത്തികളുടെ പൂർത്തീകരണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികളും, ഇനി സ്വീകരിക്കാനുള്ള നടപടികളും സംബന്ധിച്ച വിശദവിവരങ്ങൾ ഇനം തിരിച്ച് വിശദമാക്കാമോ ; | (സി) | പെരുമണ്ണ-ക്ലാരി ഗ്രാമപഞ്ചായത്തിലെ മൂന്നാം വാർഡിൽപെട്ട ലക്ഷം വീട് കോളനിക്ക് മുകളിലൂടെ കടന്ന് പോകുന്ന 11 കെ.വി. ലൈൻ മാറ്റി സ്ഥാപിക്കുന്നതിന് സ്ഥല പരിശോധന നടത്തി എസ്റ്റിമേറ്റ് തുക കണക്കാക്കുകയും ടി വിവരങ്ങൾ പരാതിക്കാരെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. എസ്റ്റിമേറ്റ് തുക അടവാക്കുന്ന മുറയ്ക്ക് പ്രവൃത്തി പൂർത്തികരിക്കുന്നതാണ്. |
| (ഡി) | ഈ പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടെങ്കിൽ ആയതിന്റെ വിശദവിവരങ്ങളും ലഭ്യമാക്കാമോ ? | (ഡി) | പെരുമണ്ണ-ക്ലാരി ഗ്രാമപഞ്ചായത്തിലെ മൂന്നാം വാർഡിൽപെട്ട ലക്ഷം വീട് കോളനിക്ക് മുകളിലൂടെ കടന്ന് പോകുന്ന 11 കെ.വി. ലൈൻ മാറ്റി സ്ഥാപിക്കുന്നതിന് സ്ഥല പരിശോധന നടത്തി എസ്റ്റിമേറ്റ് തുക കണക്കാക്കുകയും ടി വിവരങ്ങൾ പരാതിക്കാരെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. എസ്റ്റിമേറ്റ് തുക അടവാക്കുന്ന മുറയ്ക്ക് പ്രവൃത്തി പൂർത്തികരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ